"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കണ്ണൂർ ജില്ലയിലെ തന്നട സെൻട്രൽ യു.പി. സ്കൂളിലെ ജൂനിയർ അറബിക് അധ്യാപികയായ ശ്രീമതി. ശുഭ.പി. ഫയൽ ചെയ്ത റിട്ട് ഹർജി നം.7184/2025 മേലുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.10126/2025/GEDN തീയതി,തിരുവനന്തപുരം, 11-12-2025

പരാമർശം:-

1. കണ്ണൂർ ജില്ലയിലെ തന്നട സെൻട്രൽ യു.പി. സ്കൂളിലെ ജൂനിയർ അറബിക് അധ്യാപികയായ ശ്രീമതി. ശുഭ പി. ഫയൽ ചെയ്ത റിട്ട് ഹർജി നം.7184/2025 മേലുള്ള 21/02/2025 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം.
2. കണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31/05/2025-ലെ AEOKNR/208/2025-F നമ്പർ കത്ത്.
3. കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 31/05/2025-ലെ DDEKNR/300/2022-B2 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04/06/2025-ലെ DGE/ 7586/2025-G6 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കണ്ണൂർ നോർത്ത് ഉപജില്ലയിലെ തന്നട സെൻട്രൽ യു.പി. സ്കൂളിലെ ജൂനിയർ അറബിക് അധ്യാപികയായ ശ്രീമതി. ശുഭ പി. ഫയൽ ചെയ്ത റിട്ട് ഹർജി നം.7184/2025 മേലുള്ള പരാമർശം (1) വിധിന്യായത്തിൽ ഹർജിക്കാരി സർക്കാർ മുൻപാകെ സമർപ്പിച്ചിരിക്കുന്ന Ext. P14 റിവിഷൻ ഹർജി പരിഗണിച്ച് ഹർജിക്കാരിയെ നേരിൽ കേട്ട് വിധിന്യായം കൈപ്പറ്റി 4 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ പ്രതിനിധിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 03.06.2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) <u>നേരിൽകേട്ട വേളയിൽ ഹർജിക്കാരി ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

തന്നട സെൻട്രൽ യു.പി. സ്കൂളിലെ സംസ്കൃതം അധ്യാപകനായ ശ്രീ. രാജേഷ്. കെ.പി. 31/07/2010 ന് സർവ്വീസിൽ നിന്നും രാജിവച്ച ഒഴിവിലേക്ക് മാനേജർ ഹർജിക്കാരിയെ 02/08/2010 മുതൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ സംസ്കൃതം ആയി തുടർച്ചയായി നിയമിക്കുകയും നിയമനാംഗീകാര അപേക്ഷ യഥാസമയം കണ്ണൂർ നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി. എന്നാൽ 02/08/2010 മുതലുള്ള ഹർജിക്കാരിയുടെ നിയമനം

കണ്ണൂർ നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി. 02/08/2010 മുതൽ രാജി ഒഴിവിൽ റഗുലറായി നിയമിക്കപ്പെട്ട ഹർജിക്കാരിയുടെ നിയമനം 01/10/2011 ലെ G.O.(P)No.199/2011 പ്രകാരം 01/06/2011 മുതൽ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി റഗുലറായി ശമ്പള സ്കെയിലിൽ അംഗീകരിക്കാമായിരുന്നു. എന്നാൽ ശ്രീ. രാജേഷ് കെ.പി. യുടെ രാജി അംഗീകരിച്ചിട്ടില്ല എന്ന കാരണം ചൂണ്ടിക്കാണിച്ച കൊണ്ട് അധ്യാപക പാക്കേജിൽ ഉൾപ്പെട്ടവരുടെ ലിസ്റ്റിൽ നിന്നും 03/11/2011 തീയതിയിലെ നമ്പർ F/4561/2011 K.Dis ഉത്തരവ് പ്രകാരം കണ്ണൂർ നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹർജിക്കാരിയെ ഒഴിവാക്കുകയുണ്ടായി. 02/06/2011 ന് സംഭവിച്ച അബോർഷനും അതുമൂലമുണ്ടായ ഗുരുതരമായ ആരോഗ്യപ്രശ്നവും കാരണം തുടർ ചികിത്സ ആവശ്യമായി വന്നതിനാൽ 02/06/2011 മുതൽ 14/10/2011 വരെ 135 ദിവസത്തെ ശൂന്യവേതനാവധിക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കുകയും എന്നാൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്ക് യാതൊരു തരത്തിലുള്ള അവധിക്കും അർഹതയില്ല എന്ന കാരണം രേഖപ്പെടുത്തിക്കൊണ്ട് ഹർജിക്കാരിയുടെ അവധി അപേക്ഷ ഹെഡ് മാസ്റ്റർ നിരസിക്കുകയുണ്ടായി. രോഗബാധിതയായി നിന്ന കാലയളവ് unauthorised absence ആയും ഹെഡ് മാസ്റ്റർ രേഖപ്പെടുത്തുകയുണ്ടായി. ഹർജിക്കാരിയെ അധ്യാപക പാക്കേജിൽനിന്നും ഒഴിവാക്കിയ നടപടിക്കെതിരെ കണ്ണൂർ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെയും പിന്നീട് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെയും അപ്പീൽ സമർപ്പിക്കുകയുണ്ടായി. 11/06/2013-ലെ നമ്പർ G4/29171/2012/K.Dis ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ 02/08/2010 മുതൽ 31/03/2011 വരെയുള്ള നിയമനം സ്കൂളിൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്തതിന്റെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കാൻ ഉത്തരവായി.

3) 01/06/2011 മുതലുള്ള ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കാത്തതിനെതിരെ ഹർജിക്കാരി ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും റിട്ട് ഹർജി നം.4762/2016 മേലുള്ള 11/01/18 തീയതിയിലെ ബഹു കോടതിവിധിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സെക്രട്ടറി ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും ഹർജിക്കാരിയുടെ നിയമനം 28/09/2018-ലെ G.O(Rt)No.3841/2018/G.Edn ഉത്തരവ് പ്രകാരം നിരസിക്കുകയുണ്ടായി. ടി നടപടിക്കെതിരെയാണ് ഹർജിക്കാരി ഇപ്പോൾ പുനഃപരിശോധനാ ഹർജി സമർപ്പിച്ചിരിക്കുന്നത്. തന്നട സെൻട്രൽ യു.പി. സ്കൂളിലെ പാർട്ട്ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ ആയിരുന്ന ശ്രീ. രാജേഷ് കെ. പി. യുടെ രാജി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചതോടുകൂടി 02/08/2010 മുതലുള്ള ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കുന്നതിന് ഒരു അംഗീകൃത രാജി ഒഴിവ് ടി വിദ്യാലയത്തിൽ ലഭ്യമാണ്. മാത്രവുമല്ല ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കുന്നതിന് ഒരു ജൂനിയർ ലാംഗ്വേജ് ടീച്ചർ സംസ്കൃതം (പാർട്ട് ടൈം) തസ്തിക സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പ്രകാരം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 02/08/2010 മുതലുള്ള ഹർജിക്കാരിയുടെ തുടർച്ചയായ നിയമനം 02/08/2010 മുതൽ G4/29171/2012/K.Dis തീയതി 11/06/2013 എന്ന അപ്പലേറ്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. 02/08/2010 മുതൽ ലഭ്യമായ റഗുലർ തസ്തികയിൽ തുടർച്ചയായി G.O.(P) No.199/2011/GEdn. തീയതി 01/10/2011 ഉത്തരവ് പ്രകാരം അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നിയമനം ശമ്പള സ്കെയിലിൽ അംഗീകരിച്ചുകിട്ടുന്നതിന് അർഹതയുണ്ട്. G.O.(P)No.199/2011/GEdn. തീയതി 01/10/2011 ഉത്തരവ്

പ്രകാരം 31/03/2011-ന് റഗുലർ വേക്കൻസിയിൽ നിയമിക്കപ്പെട്ട് അംഗീകാരമില്ലാതെ സർവ്വീസിൽ തുടരുന്ന അധ്യാപക-അനധ്യാപക ജീവനക്കാർക്ക് 01/06/2011 അംഗീകാരം നൽകാവുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. 25/10/2011 തീയതിയിലെ നം.60930/J2/2011/G.Edn സർക്കാർ കത്ത് പ്രകാരവും 31/11/2011-ന് സർവ്വീസിൽ തുടരുന്ന അധ്യാപകരുടെ നിയമനം 01/06/2011 മുതൽ അംഗീകരിക്കാവുന്നതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ശ്രീ. രാജേഷ് കെ.പി. യുടെ രാജി അംഗീകരിക്കാൻ വൈകിയതും അക്കാരണത്താൽ 02/08/2010 മുതലുള്ള തുടർച്ചയായ നിയമനം അംഗീകരിക്കാൻ വൈകിയതും ഒന്നുകൊണ്ട് മാത്രമാണ് ഹർജിക്കാരിയെ അധ്യാപക പാക്കേജിൽനിന്നും ഒഴിവാക്കിയത്. എന്നാൽ പിന്നീട് ശ്രീ. രാജേഷ് കെ.പി. യുടെ രാജി അംഗീകരിക്കുകയും ഹർജിക്കാരിയുടെ നിയമനം വിദ്യാലയം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്തതിന്റെ അടിസ്ഥാനത്തിൽ 02/08/2010 മുതൽ ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

4) ഹർജിക്കാരിയെ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്താതിരിക്കാൻ മറ്റൊരു കാരണമായി ചൂണ്ടിക്കാണിച്ചത് 2011-2012 അധ്യയന വർഷം സംസ്കൃതം പഠിക്കാൻ ആവശ്യമായ കുട്ടികൾ ലഭ്യമായിരുന്നില്ല എന്നുള്ളതാണ്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഈ വാദം നിയമപ്രകാരം നിലനിൽക്കുന്നതല്ല. 01/10/2011 തീയതിയിലെ G.O.(P) No.199/2011/GEdn പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം 2010-11 അധ്യയന വർഷം അനുവദിച്ച എല്ലാ തസ്തികകളും 2011-12 അധ്യയന വർഷവും തുടരുന്നതാണെന്ന് ഉത്തരവായിട്ടുള്ളതാണ്. മേൽ വ്യവസ്ഥ പ്രകാരം ഹർജിക്കാരിക്ക് 2011-12 അധ്യയന വർഷം സ്കൂളിൽ തുടരാവുന്നതും ആയത് പ്രകാരം ഹർജിക്കാരി മേൽ വിദ്യാലയത്തിൽ ജോലിയിൽ തുടർന്നിട്ടുള്ളതുമാണ്. ഹർജിക്കാരിയെ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ അധ്യാപക പാക്കേജിൽ നിന്നും ഒഴിവാക്കുന്നതിനായി ചൂണ്ടിക്കാണിച്ച മറ്റൊരു കാരണം 07/06/2011 നും അതിന് ശേഷവും ഹർജിക്കാരി സ്കൂളിൽ തുടർന്നിരുന്നില്ല എന്നുള്ളതാണ്. 02/06/2011 ന് സംഭവിച്ച അബോർഷനും തുടർന്നുണ്ടായ ഗുരുതരമായ ആരോഗ്യപ്രശ്നവും കാരണം തുടർ ചികിത്സ ആവശ്യമായി വന്നതിനാൽ 02/06/2011 മുതൽ 14/10/2011 വരെ 135 ദിവസത്തെ ശൂന്യവേതനാവധിക്ക് അപേക്ഷിക്കാൻ ഹർജിക്കാരി നിർബന്ധിതയായി. അബോർഷൻ കാരണം 02/06/2011 മുതൽ ഹർജിക്കാരി അവധി അപേക്ഷ സമർപ്പിക്കുമ്പോൾ G.O(P) No.199/2011/GEdn. Dt.01-10-2011 എന്ന സർക്കാർ ഉത്തരവ് നിലവിൽ വന്നിരുന്നില്ല. 02/06/2011 ന് നിലവിലുള്ള നിയമമനുസരിച്ച് സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്തതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കപ്പെട്ടവർക്ക് യാതൊരു ലീവിനും അർഹതയില്ല. 01/10/2011-ലെ സർക്കാർ ഉത്തരവ് വന്നതോടുകൂടി 31/03/2011-ന് സർവ്വീസിലുള്ളവരുടെ നിയമനം 01/06/2011 മുതൽ തുടർച്ചയായി ശമ്പള സ്കെയിലിൽ അംഗീകരിക്കാമെന്ന വ്യവസ്ഥ നിലവിൽ വന്നു. 01/06/2011 മുതൽ G.O.(P) No.199/2011/GEdn ഉത്തരവ് പ്രകാരം ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കപ്പെടുന്നതോടുകൂടി 01/06/2011 മുതൽ പാർട്ട്ടൈം അധ്യാപകർക്ക് ബാധകമായ എല്ലാ അവധി നിയമങ്ങളും ഹർജിക്കാരിക്കും ബാധകമാകും. G.O.(Ms) No.220/81/GEdn. തീയതി. 12/12/1981 പ്രകാരം പാർട്ട്ടൈം കണ്ടിൻ ജന്റ് ജീവനക്കാർക്ക് ബാധകമായ എല്ലാ അവധി നിയമങ്ങളും പാർട്ട് ടൈം അധ്യാപകർക്കും ബാധകമാണെന്ന് താഴെ കൊടുത്ത പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ചുവടെ കൊടുക്കുന്നു.

Govt. are pleased to order that the leave benefits allowed to the part-time contingent employees in the G.O. read above will be extended to the part-time teachers also with affect from 01/12/1981.

മേൽ വ്യവസ്ഥ പ്രകാരം SRO No. 742/75 പ്രകാരം പുറപ്പെടുവിച്ച "Special Rules for the Kerala Part time Contingents Service" റൂൾസിലെ റൂൾ 14 ന്റെ പ്രസക്തഭാഗം ചുവടെ കൊടുക്കുന്നു.

"14. Leave - A member of the service is eligible for leave as follows, namely:-
(a) Casual leave for (twenty days) during a calendar year. Casual leave combined with holidays shall not exceed (fifteen days) at a time.
(b) Leave without allowances in special circumstances for a total period of (one hundred and twenty days) in a calendar year.
(c) Maternity leave for three months or leave for abortion or miscarriage for six weeks, as the case may be, to female employees with full pay and Dearness Allowance for the period.
(d) Special casual leave for undergoing sterilization operation for a period not exceeding six days for men and fourteen days for women."

5) മേൽകൊടുത്ത പ്രകാരം 02/06/2011 മുതൽ 13/07/2011 വരെ അബോർഷനുള്ള 42 ദിവസത്തെ മെറ്റേർണിറ്റി ലീവിനും, 14/07/2011 മുതൽ 14/10/2011 വരെ 93 ദിവസത്തെ ശൂന്യവേതനാവധിക്കും ഹർജിക്കാരി സമർപ്പിച്ചിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം അർഹതയുണ്ട്. സർവ്വീസിൽ തുടക്കകാരി എന്നുള്ള നിലയിൽ ഹർജിക്കാരിയുടെ അറിവില്ലായ്മ കൊണ്ടാണ് ശൂന്യവേതനാവധിയ്ക്ക് അപേക്ഷ സമർപ്പിച്ചത്. ഹർജിക്കാരിയുടെ നിയമനാംഗീകാര അപേക്ഷ നിരസിച്ചുകൊണ്ട് പുറപ്പെടുവിച്ച 28/09/2018 തീയതിയിലെ G.O.(Rt)No.3841/2018/GEdn ഉത്തരവിൽ ഈ വസ്തുതകൾ സർക്കാർ പരിഗണിച്ചിരുന്നില്ല. മാത്രവുമല്ല ടി ഉത്തരവിന്റെ ക്രമ നമ്പർ (5) ൽ G.O(Ms)No.253/2012/GEdn. തീയതി 07/08/2012 Regular part time അധ്യാപകർക്ക് മാത്രമാണ് ബാധകമാവുന്നത് എന്നും പ്രസ്താവിച്ചു കാണുന്നു. G.O(Ms)No.220/82/GEdn. തീയതി 12/12/1981 എന്ന സർക്കാർ ഉത്തരവാണ് ഹർജിക്കാരിയുടെ കാര്യത്തിൽ ടി കാലയളവിൽ ബാധകമാകുന്നത്. ഹർജിക്കാരിയുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരമുള്ള അവധി അപേക്ഷ G.O.(Ms)No.220/81/GEdn തീയതി 12/12/81 പ്രകാരം സർക്കാർ പരിഗണിച്ചാൽ ഹർജിക്കാരി അവധിയിൽ പ്രവേശിച്ചത് ക്രമപ്രകാരമാണെന്ന് വരികയും ഹെഡ്മാസ്റ്റർ അന്നത്തെ നിയമപ്രകാരം Un authorized absence ആയി രേഖപ്പെടുത്തിയ ടി കാലയളവ് അർഹതപ്പെട്ട അവധിയായി മേൽകൊടുത്ത പ്രകാരം ക്രമീകരിക്കപ്പെടുകയും ചെയ്യും. ഹർജിക്കാരിയുടെ നിയമനം നിരസിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 28/09/2018 തീയതിയിലെ G.O.(Rt)No.3841/2018/GEdn ഉത്തരവിൽ ഹർജിക്കാരിയെ ടീച്ചേഴ്സ് പാക്കേജിൽ ഉൾപ്പെടുത്താതിരുന്നതിന് ഒരു കാരണമായി ചൂണ്ടികാണിച്ചത് 02/08/2010 മുതൽ 31/03/2011 വരെ ഹർജിക്കാരിയെ ദിവസ വേതനാടിസ്ഥാനത്തിലാണ് അംഗീകരിച്ചിട്ടുള്ളത് എന്നതാണ്. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളിൽ 31/03/2011-ന് മുമ്പ് റഗുലർ വേക്കൻസിയിൽ നിയമിക്കപ്പെട്ട എല്ലാ അധ്യാപകർക്കും ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം ലഭിക്കുകയും,

അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി ശമ്പള സ്കെയിലിൽ തുടർച്ചയായി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അവരെല്ലാം ഇപ്പോഴും സർവീസിൽ തുടർന്ന് വരുന്നുമുണ്ട്. ടി ആനുകൂല്യം ഹർജിക്കാരിക്ക് മാത്രം നിഷേധിക്കുന്നത് നീതിനിഷേധമാണ്.

6) 2011-12 അധ്യയനവർഷം തസ്തിക നഷ്ടപ്പെട്ട ധാരാളം അധ്യാപകരെ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി സ്കൂളിൽ നിലനിർത്തിയിട്ടുണ്ട്. 2014-15 അധ്യയന വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പ്രകാരം സംസ്കൃതം തസ്തിക നഷ്ടപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 15/07/2014 മുതൽ 14/07/2015 വരെയുള്ള ഹർജിക്കാരിയുടെ നിയമനം നാളിതുവരെയായും അംഗീകരിച്ചിട്ടില്ല. സ.ഉ.(പി)നം.124/2014/പൊ.വി.വ തിയ്യതി 04/07/14 പ്രകാരം അധികമായി വരുന്ന അധ്യാപകരെ പുനർവിന്യസിച്ചതിനുശേഷവും അധ്യാപകർ അധികമായി വരുന്നുണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തി ഒരു അധ്യാപക ബേങ്ക് രൂപീകരിക്കേണ്ടതാണെന്നും അധ്യാപക ബാങ്കിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച കൂടുതൽ വിശദമായ മാർഗരേഖകൾ പിന്നീട് പുറപ്പെടുവിക്കുന്നതാണെന്നും സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം അധ്യാപക ബാങ്കിലേക്ക് വരുന്ന അധ്യാപകരുടെ 15/07/2014 മുതലുള്ള ശമ്പളവും നൽകേണ്ടതാണെന്നും സർക്കാർ ഉത്തരവുള്ളതാണ്. മേൽ വസ്തുതകളിൽനിന്നും 2014-15 അധ്യയന വർഷം തസ്തിക നഷ്ടപ്പെട്ടത് കൊണ്ട് ഹർജിക്കാരി പുറത്തുപോകേണ്ടതില്ലെന്നും മേൽകൊടുത്ത സർക്കാർ ഉത്തരവുകൾ പ്രകാരം സംരക്ഷണത്തിന് അർഹതയുള്ളതുകൊണ്ട് 15/07/2014 മുതൽ 14/07/2015 വരെ നിയമനാംഗീകാരത്തിനും ടി കാലയളവിലെ ശമ്പളത്തിനും ഹർജിക്കാരിക്ക് അർഹതയുണ്ടെന്നും ബോധ്യപ്പെടുന്നതാണ്. മേൽ വസ്തുതകൾ പരിഗണിച്ച് ഇനിയും നിയമനാംഗീകാരം ലഭിക്കാൻ ബാക്കി നിൽക്കുന്ന കാലയളവ് അതായത് 01/06/2011 മുതൽ 03/06/2012 വരെയും 15/07/2014 മുതൽ 14/07/2015വരെയും ഉള്ള ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കുന്നതിനുള്ള അപ്പലേറ്റ് ഉത്തരവുണ്ടാകണമെന്നും 02/06/2011 മുതൽ 13/07/11 വരെ 42 ദിവസത്തെ മെറ്റേർണിറ്റി ലീവും 14/07/2011 മുതൽ 14/10/2011 വരെ 93 ദിവസത്തെ ശൂന്യവേതനാവധിയും അനുവദിക്കുന്നതിനുള്ള നിർദ്ദേശം സ്കൂൾ ഹെഡ്മാസ്റ്റർക്ക് നൽകണമെന്നതുമാണ് റിവ്യൂ ഹർജിയിലെ ആവശ്യം.

7) <u>നേരിൽകേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കുംപ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.</u>

തന്നട സെൻട്രൽ യു.പി.എസ്.-ലെ സംസ്കൃതം പാർട്ട്ടൈം അധ്യാപകനായ ശ്രീ.രജീഷ് കെ.പി. 31/07/2010 തീയ്യതിയിൽ രാജി വെച്ച ഒഴിവിലാണ് മാനേജർ ശ്രീമതി. ശുഭ പി. യെ 02/08/2010 മുതൽ തുടർച്ചയായി നിയമിച്ച് അംഗീകാരത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചത്. സർക്കാർ ഉത്തരവ് 269/2006/പൊ.വി.വ തീയ്യതി 12/10/2006 പ്രകാരം അനാദായകരമായ സ്കൂളുകളിലെ നിയമനങ്ങൾ സംരക്ഷിതാധ്യാപകരെക്കൊണ്ട് മാത്രമേ നികത്താവൂ എന്നതിനാലും തന്നട സെൻട്രൽ യു.പി.എസ്. അനാദായകരമായ വിദ്യാലയമായതിനാൽ കണ്ണൂർ നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം നിരസിക്കുകയുണ്ടായി. ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അധ്യാപകരുടെ പേര് അധ്യാപക പാക്കേജിലേക്ക് നൽകണമെന്നും അതിന് തസ്തികയോ വർഷമോ കണക്കാക്കേണ്ടെന്നുമുള്ള മേലധികാരികളുടെ 2011 ആഗസ്റ്റ് മാസത്തെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളമില്ലാതെ ജോലി ചെയ്യുന്നു

നിലവിൽ ജോലി ചെയ്യുന്നതുമായ മുഴുവൻ അധ്യാപകരുടെ പേരും ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്താൻ വേണ്ടി നൽകിയ ലിസ്റ്റിൽ ശ്രീമതി ശുഭ പി. യുടെ പേര് ഉൾപ്പെടുത്തിയിരുന്നു. 07/06/2011-ന് ടിയാൾ ജോലിയിൽ തുടരുന്നില്ല എന്ന അഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തിയിരുന്നെങ്കിലും ടിയാളുടെ പേര് പാക്കേജിൽ തെറ്റായി ഉൾപ്പെട്ടിരുന്നു. പിന്നീട് അർഹതയില്ലാതെ ഉൾപ്പെട്ടവരെ ഒഴിവാക്കി പുതുക്കിയ ലിസ്റ്റ് സമർപ്പിക്കാൻ ജി.ഒ.(പി) നം.205/11 തീയ്യതി 7/10/2011 ന്റെ ഉത്തരവ് പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് 02/11/2011 ന് ഒരു കൂടിക്കാഴ്ച നടത്തുകയും ശ്രീമതി. ശുഭ പി. യെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. ടിയാൾ 01/06/2011 നും 06/06/2011 നുമിടയിൽ 11/2 ദിവസം മാത്രമാണ് സ്കൂളിൽ ഹാജരായതെന്നും പിന്നീട് അനധികൃതമായി ജോലിക്ക് വരാതിരിക്കുകയും അധ്യാപക പാക്കേജിൽ തെറ്റായി പേര് വന്നതിന് ശേഷം 17/10/2011-ന് മാത്രമാണ് വീണ്ടും സ്കൂളിൽ ഹാജരായത് എന്നും പ്രധാനാധ്യാപകൻ അറിയിച്ചിരുന്നു. 2011-12 വർഷത്തിൽ ടി സ്കൂളിൽ സംസ്കൃതം പഠിക്കാൻ കുട്ടികൾ ലഭ്യമല്ലാത്തതിനാൽ 2010-11 വർഷത്തിൽ ഉണ്ടായിരുന്ന തസ്തിക റദ്ദ് ചെയ്യുകയും ചെയ്തിരുന്നു. ആയതിനാലാണ് ടി അധ്യാപികയെ ലിസ്റ്റിൽ നിന്ന് നീക്കം ചെയ്തത്.

8) ശ്രീമതി. ശുഭ പി. പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ ഹർജി സംബന്ധിച്ച് 27/06/2012-ന് നടത്തിയ ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ ടി അധ്യാപികയുടെ 02/08/2010 മുതൽ 31/03/2011 വരെയുള്ള കാലയളവ് ദിവസവേതനത്തിൽ അംഗീകരിച്ച് നൽകാൻ 11/06/2013-ലെ ജി4/20171/12/കെ.ഡിസ് ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചതിനെ തുടർന്ന് മേൽ കാലയളവിലെ നിയമനം ദിവസവേതനത്തിൽ അംഗീകരിച്ചു നൽകിയിട്ടുണ്ട്. 2011-12 വർഷത്തിൽ ടി സ്കൂളിൽ സംസ്കൃതം പഠിക്കുന്ന കുട്ടികൾ ലഭ്യമല്ലാത്തതിനാൽ സ്കൂളിൽ തസ്തിക അനുവദിച്ചിട്ടില്ല. 2012-13 വർഷത്തിൽ 5-ാ ം ക്ലാസ്സിൽ 12 കുട്ടികൾ ലഭ്യമായതിനാൽ സംസ്കൃതം പാർട്ട് ടൈം തസ്തിക അധികമായി അനുവദിച്ചിട്ടുണ്ട്. 2013-14 ൽ പ്രസ്തുത തസ്തിക തുടരുകയും 2014-15 വർഷം കുട്ടികളുടെ കുറവ് കാരണം തസ്തിക നഷ്ടപ്പെടുകയും ചെയ്തു. വീണ്ടും 2015-16-ൽ തസ്തിക പുനസ്ഥാപിക്കപ്പെടുകയും ഒരു അധിക തസ്തിക അനുവദിക്കപ്പെടുകയും 2016-17, 2017-18 ൽ പ്രസ്തുത തസ്തിക തുടരുകയും ചെയ്യുന്നുണ്ട്. ശ്രീമതി ശുഭ പി. ഫയൽ ചെയ്ത റിട്ട് ഹർജി നം. 4762/16 ന്മേൽ ബഹു ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച ജി.ഒ.(ആർ.ടി.) നം.3841/2018/പൊ.വി.വ തീയ്യതി 28/09/2018 നം ഉത്തരവിലെ നിർദ്ദേശ പ്രകാരവും ജെ2/631703/2016 തീയ്യതി 01/08/2016 സർക്കാർ പരിപത്ര പ്രകാരവും സ്കൂൾ മതിയായ കുട്ടികൾ ഉള്ള സ്കൂൾ ആയതിനാൽ 04/06/2012 മുതൽ 31/03/2014 വരേയും 15/07/2015 മുതൽ തുടർച്ചയായും ശമ്പള സ്കെയിലിൽ നൽകുകയാണുണ്ടായത്.

9) ശ്രീമതി ശുഭ പി. യെ 04/06/2012 മുതൽ 2012-13 ലെ അധിക തസ്തികയിലാണ് വീണ്ടും നിയമിച്ചിട്ടുള്ളത്. ജി.ഒ.(പി).29/2018/പൊവിവ പ്രകാരം 2011-12-ന് ശേഷം അധിക തസ്തികയിൽ നിയമിക്കപ്പെട്ടവർക്ക് സംരക്ഷണാനുകൂല്യമില്ല. അതിനാൽ ഖണ്ഡിക (4) ബി പ്രകാരം പുറത്ത് നിന്ന കാലയളവ് അവധിയായി ക്രമീകരിക്കാൻ ആവില്ല. ശ്രീമതി.ശുഭ പി. യുടെ 02/08/2010 മുതൽ 31/03/2011 വരെയുള്ള നിയമനം മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയമായതിനാൽ ദിവസവേതന അടിസ്ഥാനത്തിൽ അംഗീകരിച്ചെന്നതിനാൽ ടിയാൾക്ക് യാതൊരു മുൻഗണനാവകാശവും സിദ്ധിക്കുന്നില്ല. ടിയാൾ സർക്കാർ ഉത്തരവ് നം. ജി.ഒ.

(ആർ.ടി.) നം.3841/2018/പൊ.വി.വ. തീയതി 28/05/2018 പ്രകാരം അധ്യാപക പാക്കേജിൽ നിന്ന് ഒഴിവാക്കിയതിനാലും 04/06/2012 മുതൽ നിയമനം അധിക തസ്തികയിലായതിനാലും 29/01/2016 തീയതിയിലെ സ.ഉ.(പി) നം.29/2016/പൊ.വി.വ. പ്രകാരമുള്ള സംരക്ഷണാനുകൂല്യത്തിനും ടിയാൾക്ക് അർഹതയില്ല. ശ്രീമതി ശുഭ പി. യുടെ സംസ്കൃതം പാർട്ട് ടൈം തസ്തികയിലെ നിയമനം 04/06/2012 മുതൽ 14/07/2014 വരെയും 15/07/2015 മുതൽ തുടർച്ചയായും 04/06/2012 മുതൽ 30/06/2014 വരെ ശമ്പള സ്കെയിലിലും അംഗീകരിച്ചുകൊണ്ട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായിരുന്നു.

10) 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അദ്ധ്യാപകരായി നിയമനം ലഭിക്കുന്നതിന് ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് (ടെറ്റ്) നിർബന്ധമാക്കുകയും തുടർന്ന് 25/07/2012 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നം.244/12/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം 01/06/2012 മുതൽ റഗുലർ ഒഴിവിൽ നിയമിതരാവുന്ന എല്ലാ എയ്ഡഡ് അദ്ധ്യാപകർക്കും കെ-ടെറ്റ് വേണമെന്ന് നിഷ്കർഷിക്കുകയുണ്ടായി. തുടർന്ന് കാലാകാലങ്ങളിൽ കെ-ടെറ്റ് പാസാവുന്നതിന് സമയപരിധി ദീർഘിപ്പിച്ച് നൽകുകയാണ് ഉണ്ടായത്. ഇളവ് കാലത്തിനകത്ത് കെ-ടെറ്റ് നേടാത്ത പാർട്ട് ടൈം തസ്തികയിൽ നിയമിതരായ സർക്കാർ/എയ്ഡഡ് ജീവനക്കാരെ പാർട്ട് ടൈം തസ്തികയിൽ തന്നെ നിലനിർത്തേണ്ടതാണെന്നും ടി അദ്ധ്യാപകർക്ക് ഫുൾടൈം ബെനിഫിറ്റ് നൽകേണ്ടതില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ശ്രീമതി ശുഭ പി-യ്ക്ക് 04/06/2012 മുതൽ ആണ് നിയമനാംഗീകാരം ലഭിച്ചത്. തുടർച്ചയായ സേവനം ആരംഭിച്ചത് 15/07/2015 ലാണ്. 04/06/2013-ൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയും ചെയ്തു. എന്നാൽ ടിയാൾ കെ-ടെറ്റ് പാസായിട്ടില്ല. കെ-ടെറ്റ് യോഗ്യത നേടിയാൽ മാത്രമേ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കാനോ ഇൻക്രിമെന്റുകൾ അനുവദിക്കാനോ പറ്റുമായിരുന്നുള്ളൂ. കൂടാതെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശമ്പള നിർണ്ണയവും അനുബന്ധമായി ഇൻക്രിമെന്റുകളും അനുവദിക്കുകയും 15/07/2020 മുതൽ ഫുൾടൈം ആനുകൂല്യവും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയവ അനുവദനീയമായിരുന്നില്ല. മേൽ സാഹചര്യത്തിലാണ് ടിയാൾക്ക് കണ്ണൂർ നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ച ശമ്പള നിർണ്ണയവും അനുബന്ധമായി അനുവദിച്ച ഇൻക്രിമെന്റുകളും ഫുൾടൈം ആനുകൂല്യവും റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. ഇതിനെതിരെയാണ് ശ്രീമതി ശുഭ പി. ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി നം. 7184/2025 ഫയൽ ചെയ്തിരിക്കുന്നത്.

11) 2011-12 വർഷത്തിൽ ടി സ്കൂളിൽ സംസ്കൃതം പഠിക്കുന്ന കുട്ടികൾ ലഭ്യമല്ലാത്തതിനാൽ തസ്തിക അനുവദിച്ചിട്ടില്ല. 2012-13 വർഷത്തിൽ 5-ാം ക്ലാസ്സിൽ 12 കുട്ടികൾ ലഭ്യമായതിനാൽ സംസ്കൃതം പാർട്ട് ടൈം തസ്തിക അധികമായി അനുവദിച്ചിട്ടുണ്ട്. 2013-14 ൽ പ്രസ്തുത തസ്തിക തുടരുകയും 2014-15 വർഷം കുട്ടികളുടെ കുറവ് കാരണം തസ്തിക നഷ്ടപ്പെടുകയും ചെയ്തു. വീണ്ടും 2015-16-ൽ തസ്തിക പുനസ്ഥാപിക്കപ്പെടുകയും ഒരു അധിക തസ്തിക അനുവദിക്കപ്പെടുകയും 2016-17, 2017-18 ൽ പ്രസ്ഉത തസ്തിക തുടരുകയും ചെയ്യുന്നുണ്ട്. ശ്രീമതി ശുഭ പി. യെ 04/06/2012 മുതൽ 2012-13 ലെ അധിക തസ്തികയിലാണ് വീണ്ടും നിയമിച്ചിട്ടുള്ളത്. ശ്രീമതി ശുഭ പി. യ്ക്ക് 04/06/2012 മുതൽ ആണ് നിയമനാംഗീകാരം ലഭിച്ചത്. തുടർച്ചയായ സേവനം ആരംഭിച്ചത് 15/07/2015 ലാണ്. 04/06/2013 ൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയും ചെയ്തു. എന്നാൽ ടിയാൾ കെ-ടെറ്റ് പാസായിട്ടില്ല. കെ-ടെറ്റ് യോഗ്യത നേടിയാൽ മാത്രമേ പ്രൊബേഷൻ

പൂർത്തിയാക്കിയതായി പ്രഖ്യാപിക്കാനോ ഇൻക്രിമെന്റുകൾ അനുവദിക്കാനോ പാടുമായിരുന്നുള്ളൂ. കൂടാതെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശമ്പള നിർണ്ണയവും അനുബന്ധമായി ഇൻക്രിമെന്റുകളും അനുവദിക്കുകയും 15/07/2020 മുതൽ ഫുൾടൈം ആനുകൂല്യവും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയവ അനുവദനീയമായിരുന്നില്ല.

12) സർക്കാർ ഈ വിഷയം ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടേയും, കെ.ഇ.ആർ ചട്ടങ്ങളുടെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 01.9.2025-ലെ സുപ്രീം കോടതിയുടെ കെ-ടെറ്റ് സംബന്ധിച്ച വിധിയുടെ കൂടി അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ 16/11/2024 തീയതിയിലെ AEOKNR/403/2024-F കണ്ണൂർ നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമാണ്. സർക്കാർ ഉത്തരവ് 269/2006/പൊ.വി.വ തീയ്യതി 12/10/2006 പ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ നിയമനങ്ങൾ സംരക്ഷിതാധ്യാപകരെക്കൊണ്ട് മാത്രമേ നികത്താനാവൂ എന്നതിനാലും, തന്നട സെൻട്രൽ യു.പി.എസ്. മതിയായ എണ്ണം വിദ്യാർത്ഥികൾ ഇല്ലാത്ത വിദ്യാലയമായതിനാൽ 02/08/2010 മുതലുള്ള നിയമനം ശമ്പളസ്കെയിലിൽ /ദിവസവേതനത്തിൽ Onward appointment ആയി അംഗീകരിക്കാനാകില്ല. പിന്നീട് ടി അധ്യാപികയുടെ 02/08/2010 മുതൽ 31/03/2011 വരെയുള്ള കാലയളവ് ദിവസവേതനത്തിൽ അംഗീകരിച്ച നൽകിയിട്ടുമുണ്ട്. അതിനാൽ ടി നിയമനം സ്ഥിരനിയമനമായി കണക്കാക്കാനാകാത്തതിനാൽ ടിയാളുടെ തുടർന്നുള്ള 02/06/2011 മുതൽ 14/10/2011 വരെയുള്ള ഹാജരില്ലായ്മ 02/06/2011 മുതൽ 13/07/11 വരെ 42 ദിവസത്തെ മിസ് കാരേജ് ലീവും 14/07/2011 മുതൽ 14/10/2011 വരെ 93 ദിവസത്തെ ശൂന്യവേതനാവധിയും ആയി ക്രമീകരിക്കാനാകില്ല. ടിയാൾ 01/06/2011 നും 06/06/2011 നുമിടയിൽ 1 1/2 ദിവസം മാത്രമാണ് സ്കൂളിൽ ഹാജരായതെന്നും, പിന്നീട് അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും, അധ്യാപക പാക്കേജിൽ തെറ്റായി പേര് വന്നതിന് ശേഷം 17/10/2011 ന് മാത്രമാണ് വീണ്ടും സ്കൂളിൽ ഹാജരായത് എന്നും പ്രധാനാധ്യാപകൻ അറിയിച്ചിരക്കുന്നതിനാലും, 2011-12 വർഷത്തിൽ ടി സ്കൂളിൽ സംസ്കൃതം പഠിക്കാൻ കുട്ടികൾ ലഭ്യമല്ലാത്തതിനാൽ 2010-11 വർഷത്തിൽ ഉണ്ടായിരുന്ന തസ്തിക റദ്ദ് ചെയ്തിരുന്നുവെന്നും, ആയതിനാലാണ് 02/11/2011 ന് നടത്തിയ കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ ടി അധ്യാപികയെ ലിസ്റ്റിൽ നിന്ന് നീക്കം ചെയ്തിട്ടുള്ളതെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, 2014-15 വർഷത്തിലും കുട്ടികളുടെ കുറവ് കാരണമാണ് തസ്തിക നഷ്ടപ്പെട്ടിട്ടുള്ളത് എന്നതിനാലും, റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചും അപ്രകാരം പരാമർശം (1) വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കണ്ണൂർ നോർത്ത്, കണ്ണൂർ

മാനേജർ, തന്നട സെൻട്രൽ യു.പി. സ്കൂൾ, തന്നട പി.ഒ, ചാല ഈസ്റ്റ്,
കണ്ണൂർ - 670 621
ശ്രീമതി.ശുഭ.പി, ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം), തന്നട സെൻട്രൽ യു.പി. സ്കൂൾ, തന്നട പി.ഒ, ചാല ഈസ്റ്റ്, കണ്ണൂർ - 670 621
ഹെഡ്മാസ്റ്റർ, തന്നട സെൻട്രൽ യു.പി. സ്കൂൾ, തന്നട പി.ഒ, ചാല ഈസ്റ്റ്, കണ്ണൂർ - 670 621
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 11-12-2025 11:46:37
സെക്ഷൻ ഓഫീസർ